## കേരള സർക്കാർ

### സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ് - എസ് സി പി എസ് - കാവൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)No.269/2026/WCDD** **Dated,07/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52293 കാലാവധി : 31/03/2027

**പരാമർശം:-**1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 21.07.2026-ലെ DWCD/2393/2026–ICPS 11 നം. കത്ത്.
2. 24.07.2026-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

### ഉത്തരവ്

-

ബാലനീതി നിയമം 2015 (Juvenile Justice Act 2015) നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ (Children in Conflict with Law) മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹികക്രമവുമായി പുന:സംയോജിപ്പിക്കുന്നതിനും സംസ്ഥാന വനിത-ശിശു വികസന വകുപ്പ് ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ചെടുത്ത് 2016 മുതൽ കേരളത്തിലെ 14 ജില്ലകളിലും 28 സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വിജയകരമായി നടപ്പാക്കി വരുന്ന തുടർച്ചാ പദ്ധതിയായ "കാവൽ" പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയായ 2,89,53,466/- രൂപ (രണ്ടു കോടി എൺപത്തിയൊൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി നാനൂറ്റി അറുപത്തിയാറ് രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ എസ്.സി.പി.എസ്. ന്റെ നൂതന പദ്ധതികൾക്കുള്ള ശീർഷകമായ 2235–02–102–36 (P) 02 ൽ അനുവദിച്ചിട്ടുള്ള 10,00,00,000/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയ്ക്കായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

AS/WCD/26/52293

| SL.No. | Purpose | Amount |
|---|---|---|
| 1. | Final installment | 57,50,000/- |
| 2. | State Level Administration | 10,72,600/- |
| 3. | State Level training for stake holders | 19,31,250/- |
| 4. | Funds for NGOs in 11 districts (21 NGOs) | 1,52,28,192/- |
| 5. | Funds for NGOs in Idukki & Thrissur district (4 NGOs) | 40,34,535/- |
| 6. | Funds for NGOs in Thiruvananthapuram (3 NGOS) | 41,53,940/- |
| **7.** | **Total fund** | **3,21,70,517/-** |
| **8.** | **Funds to be sanctioned (90%)** | **2,89,53,466/-** |

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-102-36-02-00-0-P-V | 2,89,53,466 | AS/WCD/26/52293 | 2027-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കാവൽ പദ്ധതി | 2,89,53,466 |
| ആകെ (രണ്ട് കോടി എൺപത്തി ഒൻപത് ലക്ഷത്തിഅൻപത്തി മൂവായിരത്തി നാന്നൂറ്റി അറുപത്തി ആറ് രൂപ) | | **2,89,53,466** |

AS/WCD/26/52293

2. കാവൽ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ 24.07.2026-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം.നം.9 ആയി അംഗീകരിച്ച സാഹചര്യത്തിൽ, 2026-27 സാമ്പത്തിക വർഷം കാവൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കാവശ്യമായ തുകയായ 2,89,53,466/- രൂപ (രണ്ടു കോടി എൺപത്തിയൊൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി നാന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) 2235-02-102-36 (P) 02 എന്ന ശീർഷകത്തിൽ വകയിരിത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്,
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ് (ഇനം 9)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.17 10:44:43 +05:30

AS/WCD/26/5229